**1111**

**രീതി: ദൈവമക്കളെ നമ്മൾ**

**മാന്യസ്നേഹിതാ, നിന്റെ ജീവയാത്രയിൽ**
**എങ്ങു ചെന്നു ചേരുമെന്നു ചിന്ത ചെയ്ക നീ-**

**1** **പാപഭാരം പേറി ഭൂവിൽ ജീവിക്കുന്നവർ**
**താപമേറും നിത്യത്തീയിൽ വീണെരിഞ്ഞിടും**
**പാപമെത്ര ഘോരമെന്നതോർത്തു സ്നേഹിതാ**
**യേശു നാഥൻ ചാരേ വന്നു രക്ഷനേടുക-**

**2** **വീതിയേറും പാതയിൽ ചരിച്ചിടുന്നവർ**
**ജീവനറ്റ നാശ പട്ടണത്തിലെത്തിടും**
**മോദമാർന്ന സ്വർഗ്ഗമന്ദിരമണഞ്ഞിടാൻ**
**ക്രിസ്തു എന്ന പാതയിൽ നീ യാത്ര ചെയ്യണം-**

**3** **മർത്യപാപമേറ്റു ക്രൂശിൽ ജീവനർപ്പിച്ചു**
**വീണ്ടെടുത്തു മർത്യരെ ശ്രീയേശു വല്ലഭൻ**
**ശ്രേഷ്ഠമാമീ സ്നേഹമോർത്തു താഴ്മയോടെ നീ**
**ക്രൂശിനോടണഞ്ഞു പാപമേറ്റു ചൊല്ലുക-**

**4** **യേശു മൂലം പാപമോചനം ലഭിച്ചുവോ?**
**നിത്യജീവനേറ്റു ദൈവപുത്രനായിയോ?**
**ഇല്ലയെങ്കിൽ ഘോരമാം നരകമത്രെ നിൻ**
**നിത്യ ഗേഹമെന്നതോർത്തു കേഴുകാ സഖേ**